DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

26.04.2019

## കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് പഞ്ചായത്തിലെ പുളിമാത്ത് മൃഗാശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറിയിൽ 45 ദിവസം പ്രായം ഉള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് നൂറ് രൂപ നിരക്കിൽ ലഭ്യമാണെന്ന് പുളിമാത്ത് വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9746274301, 9746964369, 8921878476 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ആദ്യം വരുന്നവർക്ക് മുൻഗണന നൽകുന്നതാണ്.

## കേരള കാർഷിക സർവകലാശാലയുടെ ബൗദ്ധിക സ്വത്തവകാശ സെല്ലിന് ദേശീയ അംഗീകാരം.

കേരള കാർഷിക സർവകലാശാലയുടെ ബൗദ്ധിക സ്വത്തവകാശ സെല്ലിന് ദേശീയ അംഗീകാരം. കേന്ദ്ര വ്യവസായ, വാണിജ്യ വകുപ്പിന്റെ ബൗദ്ധിക സ്വത്തവകാശ വിഭാഗം ഏർപ്പെടുത്തിയ ദേശിയ ബൗദ്ധിക സ്വത്തവകാശ പുരസ്കാരമാണ് കാർഷിക സർവകലാശാലയുടെ ഐ പി സെല്ലിനെ തേടിയെത്തിയത്. ഭൗമ സൂചക രജിസ്ട്രേഷനെ

പ്രോൽസാഹനത്തിലും ഭൗമ സൂചക പദവി ലഭിച്ച ഉത്പന്നങ്ങളുടെ പ്രചരണത്തിലും വഹിച്ച പങ്ക് കണക്കിലെടുത്താണ് പുരസ്കാരം. ലോക ഐ പി ദിനമായ ഇന്ന് ദൽഹിയിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. 2003 ൽ നിലവിൽ വന്ന കാർഷിക സർവകലാശാലാ ഐ പി സെൽ കേരളത്തിന്റെ തനത് കാർഷികോല്പ്പന്നങ്ങൾക്ക് ഭൗമ സൂചക പദവി നേടിയെടുക്കുന്നതിലും പാരമ്പര്യ കർഷകർക്ക് സസ്യ ജനിതക സംരക്ഷണ പുരസ്കാരം നേടിക്കൊടുക്കുന്നതിലും ശ്രദ്ധേയമായ പങ്ക് വഹിച്ചു വരുന്നു. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിലാണ് സെൽ പ്രവർത്തിക്കുന്നത്. ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് 2016 ലും 2018 ലും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച ഐ പി സെൽ ഇതിനകം പൊക്കാളി അരി, വയനാടൻ ജീരകശാല-ഗന്ധകശാല അരിയിനങ്ങൾ, കൈപ്പാട് അരി, വാഴക്കുളം പൈനാപ്പിൾ, തിരുവിതാംകൂർ ശർക്കര, ചങ്ങാലിക്കോടൻ നേന്ത്രൻ, നിലമ്പൂർ തേക്ക്, മറയൂർ ശർക്കര എന്നിങ്ങനെ കേരളത്തിലെ ഒൻപത് കാർഷികോല്പ്പന്നങ്ങൾക്ക് ഭൗമ സൂചക പദവിയും ഇരുപത്തൊന്ന് കർഷക ദേശിയ സസ്യ ജനിതക സംരക്ഷണ പുരസ്കാരങ്ങളും സാധ്യമാക്കിയിട്ടുണ്ട്.

## അറിയിപ്പ്

ബാലരാമപുരം കോക്കനട്ട് റിസർച്ച് സ്റ്റേഷനിൽ WCT ഇനത്തിൽപ്പെട്ട നാടൻ തെങ്ങിൻ തൈ 100 രൂപ നിരക്കിലും, കേരശ്രീ TxD തെങ്ങിൻതൈ 250 രൂപ നിരക്കിലും, പോളിത്തീൻ കവറിൽ ആക്കിയ

തൈകൾക്ക് 280 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2400621 എന്ന നമ്പരിൽ ബന്ധപ്പെടുക.

## കേരഗ്രാമം പദ്ധതി

നാളികേര വികസനത്തിന് കൃഷിവകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി പ്രകാരം കുളം, കിണർ എന്നിവ നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ജലസ്രോതസ്സുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് പരമാവധി 10,000 രൂപ വരെ ധനസഹായം നൽകുന്നു. കുറഞ്ഞത് 30 സെന്റ് സ്ഥലം ഉള്ള കർഷകർക്കാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കൂടാതെ സൂക്ഷ്മജലസേചന സൗകര്യം ഒരുക്കുന്നതിന് ഏക്കറിന് 25,000 രൂപവരെ ധനസഹായം നൽകുന്നു.

## വിള പരിപാലന നിർദ്ദേശങ്ങൾ

നീർവാർച്ചയുള്ള മണ്ണിൽ കമുകിൻ തൈകൾ ഇപ്പോൾ നടാം. ഉയരം കുറവും 5-6 ഇലകളുമുള്ളവയാണ് ലക്ഷണമൊത്ത തൈകൾ. ശക്തിയായ വെയിലിൽ നിന്നും രക്ഷിക്കുന്നതിനായി തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കണം. ആദ്യത്തെ 4-5 വർഷം വരെ തണലിനായി വരികൾക്കിടയിൽ വാഴ നടാവുന്നതാണ്. കമുകിൻ തോട്ടത്തിൽ കളകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. വെള്ളം വാർന്നു പോകുന്നതിന് ചാലുകൾ വൃത്തിയാക്കണം. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കമുകിന് കുമ്മായം ഇടണം. കുമ്മായം ഒരു മരത്തിന് 500 ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കണം. മണൽ പ്രദേശങ്ങളിൽ വേരുതീനിപ്പുഴുക്കളുടെ

ശല്യം കാര്യമായി ഉണ്ടാകുകയാണെങ്കിൽ വേപ്പിൻപിണ്ണാക്ക് ഇട്ടു കൊടുത്താൽ മതിയാകും.

## പരിശീലനം

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2019 മെയ് മാസത്തിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. മെയ് മാസം 3,4 തീയതികളിൽ മുട്ടക്കോഴി വളർത്തലിലും, 16 മുതൽ 18 വരെ പശുവളർത്തലിലും, 20,21 തീയതികളിൽ ആടുവളർത്തലിലും പരിശീലനം നൽകുന്നു. അധിക വിവരങ്ങൾക്ക് 0471-2732918 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ പൂകൃഷി ചെയ്യാനാഗ്രഹിക്കുന്നവർക്കായി കേരള കാർഷിക സർവകലാശാലയുടെ 'വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ഫ്ളോറിക്കൾച്ചർ ആൻറ് ലാൻറ് സ്കേപ്പിംഗ് വിഭാഗത്തിൽ' ചെണ്ടുമല്ലി, വാടാമല്ലി തൈകൾ തയാറാവുന്നു. കുറഞ്ഞത് 100 തൈകളെങ്കിലും ആവശ്യമുള്ളവർക്ക് ഏപ്രിൽ 30 നു മുമ്പ് വിലയുടെ പകുതി തുക മുൻകൂറായി അടച്ച് ബുക്കു ചെയ്യാം. സങ്കരയിനം ചെണ്ടു മല്ലി തൈ ഒന്നിന് 4 രൂപയും സാധാരണ ഇനം ചെണ്ടുമല്ലിക്കും വാടാമല്ലിക്കും 2 രൂപയുമാണ് വില. തൈകൾ ബുക്ക് ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9496559382, 9446058811

# അറിയിപ്പ്

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ കൃഷി വിജ്ഞാനകേന്ദ്രം, കാർഡിൽ നിന്നും മുട്ടയിടാൻ പ്രായമായി ബി.വി. 380 ഇനം കോഴി, നാടൻ താറാവ്, നാടൻ ബ്രോയിലർ കോഴി, കാട എന്നിവ ഇന്ന് രാവിലെ 10.30 വിതരണം ചെയ്യുന്നതാണ്. ആവശ്യമുള്ളവർ 0469-2661821 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.